# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 531 06.07.2012 ൽ മറുപടിയ്ക്ക്**

**ജല മാനേജ്മെന്റ് പ്രവർത്തനം**

**ചോദ്യം**

ശ്രീ. എ.എ. അസീസ്

**(എ)** സംസ്ഥാനത്ത് ജലസ്രോതസുകളുടെ സംരക്ഷണത്തിനായി കൈക്കൊണ്ട നടപടികൾ വ്യക്തമാക്കുമോ;

**(ബി)** ജല മാനേജ്മെന്റ് പ്രവർത്തനങ്ങൾക്കായി ഈ സർക്കാർ നടപ്പിലാക്കി കൊണ്ടിരിക്കുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

**മറുപടി**

ശ്രീ. പി.ജെ. ജോസഫ്
(ബഹു.ജലവിഭവ വകുപ്പു മന്ത്രി)

**(എ) & (ബി)**

സംസ്ഥാനത്ത് ജലസ്രോതസ്സുകളുടെ സംരക്ഷണത്തിനും ജലമാനേജ്മെന്റ് പ്രവർത്തനങ്ങൾക്കായും സർക്കാർ കൈക്കൊണ്ട നടപടികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.

സെക്ഷൻ ഓഫീസർ

# അനുബന്ധം

ജലസ്രോതസ്സുകളുടെ സംരക്ഷണം ഉറപ്പുവരുത്തുന്നതിനും വർദ്ധിച്ചുവരുന്ന ജലദൗർലഭ്യം ശാശ്വതമായി പരിഹരിക്കുന്നതിനും സംസ്ഥാനത്തെ കുളങ്ങളുടെയും ടാങ്കുകളുടെയും അറ്റകുറ്റപണികൾ നടത്തുകയും ഇവയിലെ എക്കൽ നീക്കംചെയ്ത് ജലസംഭരണശേഷി വർദ്ധിപ്പിക്കുന്നതിനുമുള്ള പ്രവൃത്തികൾ ജലസേചനവകുപ്പ് നടപ്പിലാക്കിവരുന്നു. ഇതിനായി 13-ാം ധനകാര്യ കമ്മീഷനിൽ ഉൾപ്പെടുത്തി 2011-15 കാലയളവിലേയ്ക്കായി 50 കോടി രൂപയുടെ ഭരണാനുമതി നല്കിയിട്ടുണ്ട്. പ്രസ്തുത പദ്ധതിയിൽ 2011-13 വർഷങ്ങളിലേക്കായി 103 കുളങ്ങളുടെ നവീകരണപ്രവൃർത്തികൾക്ക് അംഗീകാരം നൽകുകയും ഇതിന്റെ പ്രവർത്തനങ്ങൾ പുരോഗമിക്കുകയും ചെയ്യുന്നു.

2010 - 11 സാമ്പത്തിക വർഷത്തിൽ പ്ലാൻ പ്രൊപ്പോസലിൽ കുളങ്ങളുടെ നവീകരണത്തിനായി 28.22 കോടി രൂപ ഉൾപ്പെടുത്തിയിരുന്നു. ഈ തുക ഉപയോഗിച്ച് 165 കുളങ്ങളുടെ നവീകരണത്തിനായി ഭരണാനുമതി നല്കിയിട്ടുണ്ട്. ഇതിന്റെ പ്രവൃത്തികൾ ആരംഭിക്കുകയും 82 കുളങ്ങളുടെ പ്രവൃത്തികൾ പൂർത്തീകരിക്കുകയും ചെയ്തു.

2011-12 വർഷത്തിൽ കുളങ്ങളുടെ നവീകരണത്തിനായി അനുവദിച്ച 10 കോടി രൂപയിൽ 6.05 കോടി രൂപ പാലക്കാട് ജില്ലയിലെ കുളങ്ങൾ തമ്മിൽ ബന്ധിപ്പിച്ച് ജലസേചന സൗകര്യം വർദ്ധിപ്പിക്കുന്നതിന് മാറ്റിവച്ചിരുന്നു. പ്രസ്തുത പദ്ധതിയ്ക്കായി 5.99 കോടി രൂപയുടെ ഭരണാനുമതി നല്കി കഴിഞ്ഞു. പദ്ധതി നടപ്പാക്കുന്നതിനുള്ള നടപടിക്രമങ്ങൾ നടന്നു വരന്നു.

2012-13 ലെ ബഡ്ജറ്റ് പ്രസംഗത്തിൽ ഒരു പഞ്ചായത്തിലെ ഒരു കുളം വീതം നവീകരിക്കുന്നതിന് 47 കോടി രൂപ നീക്കിവെച്ചതായി പ്രഖ്യാപിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി 388 കുളങ്ങളുടെ പട്ടിക തയ്യാറാക്കി ഒന്നാംഘട്ട പ്രവർത്തനങ്ങൾക്കായി 66.42 കോടി രൂപയുടെ പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. കൂടാതെ റിവർ മാനേജ്മെന്റ് ഫണ്ട് വിനിയോഗിച്ച് നദികളുടെ സംരക്ഷണം ഏറ്റെടുത്ത് നടപ്പിലാക്കിവരുന്നു.

ഇതുകൂടാതെ കാര്യക്ഷമമായ ജലവിനിയോഗത്തിനും നിലവിലുള്ള ജലസേചന പദ്ധതികളുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനുമായി പതിമൂന്നാം ധനകാര്യ കമ്മീഷനിൽ ഉൾപ്പെടുത്തി വൻകിട ഇടത്തരം ജലസേചന പദ്ധതികളുടെ നവീകരണം (revamping of irrigation projects) നടപ്പിലാക്കിവരുന്നു. ഇതു കൂടാതെ 'Dam Rehabilitation Improvement Programme'ൽ സംസ്ഥാനത്തെ ഡാമുകളുടെ പുനരു ദ്ധാരണ പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നു. ചെറുകിട ജലസേചന പദ്ധതി കളുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്ന തിനായി ഇതിലുൾപ്പെടുന്ന ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളുടെ പുനരുദ്ധാരണം നടപ്പിലാക്കി വരുന്നു. സംസ്ഥാനത്ത് ഭൂജല സംരക്ഷണത്തിനായി ഭൂജല വകുപ്പ് ജല ദൗർലഭ്യം നേരിടുന്ന മേഖലകളിൽ കൃത്രിമ ഭൂജല സംപോഷണ മാർഗ്ഗങ്ങൾ നടപ്പിലാക്കി വരുന്നു. കൂടാതെ കേരള ഭൂജല (നിയന്ത്രണവും ക്രമീകരണവും) നിയമപ്രകാരമുള്ള നടപടികളും എടുത്തുവരുന്ന തോടൊപ്പം ജല സംരക്ഷണത്തെ സംബന്ധിച്ച് ജനങ്ങളെ ബോധവൽക്കരിക്കുന്നതിനുള്ള നടപടികളും എടുത്തുവരുന്നു.

സെക്ഷൻ ഓഫീസർ